**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **02-08-2021 - ൽ മറുപടിയ്ക്ക്**

**പൊന്നാനി അഴിമുഖത്തെ കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഇടനാഴിയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ് നിർമ്മാണ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന തീരദേശ ഇടനാഴിയുടെ ഭാഗമായ പൊന്നാനി പടിഞ്ഞാറേക്കര പാല ത്തിന്റെ (കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്) നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സാധ്യതാ പഠനം നടത്തി തയ്യാറാക്കിയ ഡി.പി.ആർ സമർപ്പി ച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 280.09 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർ ത്തിയിൽ കല്ലുകൾ സ്ഥാപിക്കുകയും എൽ.എ ആവശ്യങ്ങൾ നടത്തു ന്നതിനുള്ള പ്രാരംഭഫണ്ട് എൽ.എ ഓഫീസർക്ക് കൈമാറുകയും ചെയ്തു. ഈ പദ്ധതിക്ക് ആവശ്യമായതിൽ 30% ഭൂമി മാത്രമേ ഭൂഉടമകളിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുള്ളു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് ടെണ്ടർ ക്ഷണിക്കാൻ അനുമതി നൽകി യെങ്കിലും ബാക്കിവരുന്ന 30% ഭൂമി ഏറ്റെടുക്കുകയോ അതല്ലെങ്കിൽ ഭൂഉടമകളിൽ നിന്ന് NOC ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനം കരാറുകാരനെ ചുമതല പ്പെടുത്താൻ സാധിക്കുകയുള്ളൂ. ടെണ്ടർ സമർപ്പിക്കേണ്ട നിർദ്ദിഷ്ട തീയതി നീട്ടി നൽകണമെന്ന കരാറുകാരുടെ ആവശ്യാനുസരണം നീട്ടി നൽകുകയും തുടർന്ന് ലഭിച്ച ടെണ്ടറുകളുടെ പരിശോധന നടന്നു വരികയുമാണ് |
| (ബി) | ആയതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (ബി) | മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന തീരദേശ ഇടനാഴിയുടെ ഭാഗമായ പൊന്നാനി പടിഞ്ഞാറേക്കര പാല ത്തിന്റെ (കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജ്) നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | സാധ്യതാ പഠനം നടത്തി തയ്യാറാക്കിയ ഡി.പി.ആർ സമർപ്പി ച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 280.09 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തിയിൽ കല്ലുകൾ സ്ഥാപിക്കുകയും എൽ.എ ആവശ്യങ്ങൾ നടത്തു ന്നതിനുള്ള പ്രാരംഭഫണ്ട് എൽ.എ ഓഫീസർക്ക് കൈമാറുകയും ചെയ്തു. ഈ പദ്ധതിക്ക് ആവശ്യമായതിൽ 30% ഭൂമി മാത്രമേ ഭൂഉടമകളിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുള്ളൂ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് ടെണ്ടർ ക്ഷണിക്കാൻ അനുമതി നൽകി യെങ്കിലും ബാക്കിവരുന്ന 30% ഭൂമി ഏറ്റെടുക്കുകയോ അതല്ലെങ്കിൽ ഭൂഉടമകളിൽ നിന്ന് NOC ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനം കരാറുകാരനെ ചുമതല പ്പെടുത്താൻ സാധിക്കുകയുള്ളൂ. ടെണ്ടർ സമർപ്പിക്കേണ്ട നിർദ്ദിഷ്ട തീയതി നീട്ടി നൽകണമെന്ന കരാറുകാരുടെ ആവശ്യാനുസരണം നീട്ടി നൽകുകയും തുടർന്ന് ലഭിച്ച ടെണ്ടറുകളുടെ പരിശോധന നടന്നു വരികയുമാണ് |

സെക്ഷൻ ഓഫീസർ